## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 107 | 04.06.2018- ൽ മറുപടിയ്ക്ക്

## വിദേശത്ത് ഉണ്ടാകുന്ന മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വിദേശത്ത് വെച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) വിദേശത്ത് വെച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം നിലവിൽ സംസ്ഥാന സർക്കാർ നല്കി വരുന്നില്ല. എന്നാൽ മൃതദേഹം നാട്ടിലെത്തിച്ചതിനു ശേഷം ചെലവാക്കിയ തുക റീ-ഇംബേഴ്സ് ചെയ്തു നല്കുന്ന 'കാരുണ്യം' പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്കു പുറത്തോ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയാണ് 'കാരുണ്യം'.<br>പ്രവാസിയായ കേരളീയന്റെ മൃതദേഹം വിമാനത്തിലോ ട്രെയിനിലോ മറ്റേതെങ്കിലും വാഹനത്തിലോ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ സ്വദേശത്തെത്തിക്കുന്നതിന് മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് സാമ്പത്തിക സഹായം നല്കുന്നത്. മരണമടഞ്ഞ പ്രവാസിക്കോ അയാളുടെ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നല്കുകയുള്ളൂ. മൃതദേഹം നാട്ടിൽ എത്തിച്ച ശേഷം ചെലവായ തുക പിന്നീട് ഈ നിധിയിൽ നിന്ന് അനുവദിക്കുകയാണ് ചെയ്യുന്നത്. |

| | | |
|---|---|---|
| | | വിദേശത്ത് നിന്ന് മൃതദേഹം എത്തിക്കുന്നതിന് പരമാവധി 50,000/- രൂപയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മൃതദേഹം എത്തിക്കുന്നതിന് പരമാവധി 15,000/- രൂപയുമാണ് റീ-ഇംബേഴ്സ് ചെയ്ത് നല്കുന്നത്. |
| ബി) | ഈ സഹായം ലഭിക്കുന്നതിനായി കൈക്കൊള്ളേണ്ട നടപടികൾ വിശദമാക്കാമോ? | ബി) അന്തരിച്ച പ്രവാസിയുടെ നിയമാനുസൃത അനന്തരാവകാശികൾ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം. നോർക്ക റൂട്ട്സിന്റെ **www.norkaroots.net** എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷകന്റെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും ചെയ്യണം. ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ പരിശോധനയ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കാൻ ബാധ്യസ്ഥനാണ്. |

**സെക്ഷൻ ഓഫീസർ**